സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ശബരിമല, വൈക്കം, ഏറ്റുമാനൂർ എന്നിവിടങ്ങളൊഴികെ മറ്റുള്ള ദേവസ്വങ്ങളിൽ നിലവിലുള്ള സെക്കന്റ് ഗ്രേഡ് അക്കൗണ്ടന്റ് തസ്തികകൾ അബോളിഷ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 87/12/Est-I നന്തൻകോട്,04/06/2020

---

പരാമർശം :- 1) പുനർവിന്യാസ സമിതിയുടെ 10-01-2020 ലെ റിപ്പോർട്ട്.
2) 02-06-2020 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ഫസ്റ്റ് ഗ്രേഡ് അക്കൗണ്ടന്റ്, പതിനേഴ് സെക്കന്റ് ഗ്രേഡ് അക്കൗണ്ടന്റ് എന്നിങ്ങനെ ചുവടെ വിവരിക്കും പ്രകാരം അക്കൗണ്ടന്റ് തസ്തികകൾ നിലവിലുണ്ട്.

| ഗ്രൂപ്പ് | | ദേവസ്വം | ഗ്രേഡ് -I അക്കൗണ്ടന്റ് | ഗ്രേഡ് -II അക്കൗണ്ടന്റ് |
|---|---|---|---|---|
| തിരുവനന്തപുരം | 1 | തിരുവല്ലം | – | 1 |
| | 2 | ശ്രീകണ്ഠേശ്വരം | – | 1 |
| ഉള്ളൂർ | 3 | ഒ.റ്റി.സി ഹനുമാൻ | – | 1 |
| വർക്കല | 4 | വർക്കല | – | 1 |
| | 5 | ശാർക്കര | – | 1 |
| കൊല്ലം | 6 | തൃക്കടവൂർ | – | 1 |
| | 7 | തിരുമുല്ലവാരം | – | 1 |
| കൊട്ടാരക്കര | 8 | കുലശേഖരനല്ലൂർ | – | 1 |
| മാവേലിക്കര | 9 | ചെട്ടികുളങ്ങര | – | 1 |
| ആറന്മുള | 10 | ആറൻമുള | – | 1 |
| | 11 | മലയാലപ്പുഴ | – | 1 |
| | 12 | ചെങ്ങന്നൂർ | – | 1 |
| ശബരിമല | 13 | ശബരിമല | 1 | 1 |
| കോട്ടയം | 14 | തിരുനക്കര | – | 1 |
| വൈക്കം | 15 | വൈക്കം | – | 1 |
| ഏറ്റുമാനൂർ | 16 | ഏറ്റുമാനൂർ | – | 1 |
| പറവൂർ | 17 | ആലുവ മഹാദേവർ | – | 1 |
| ആകെ | | | 1 | 17 |

(മറുപുറം)

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലറിക്കൽ വിഭാഗം തസ്തികകളിലെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് ബോർഡ് രൂപീകരിച്ചിട്ടുള്ള പുനർവിന്യാസ സമിതിയുടെ പരാമർശം 1 റിപ്പോർട്ടിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡിലുള്ള ദേവസ്വങ്ങളിൽ അക്കൗണ്ടന്റ് തസ്തികകൾ അനിവാര്യമല്ലായെന്ന് പരാമർശിച്ചിരുന്നു.

ഇക്കാര്യം ബോർഡ് സസൂക്ഷ്മം പരിശോധിച്ചു.

ശബരിമല, വൈക്കം, ഏറ്റുമാനൂർ എന്നീ ദേവസ്വങ്ങളിലൊഴികെ മറ്റുള്ള ദേവസ്വങ്ങളിൽ അക്കൗണ്ടന്റ് തസ്തിക അനിവാര്യമല്ലെന്ന് ബോർഡ് വിലയിരുത്തി.

ആയതിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ് ദേവസ്വങ്ങളായ തിരുവല്ലം, ശ്രീകണ്ഠേശ്വരം, ഒ.റ്റി.സി. ഹനുമാൻ, വർക്കല, ശാർക്കര, തൃക്കടവൂർ, തിരുമുല്ലവാരം, കുലശേഖരനല്ലൂർ, ചെട്ടികുളങ്ങര, ആറന്മുള, മലയാലപ്പുഴ, ചെങ്ങന്നൂർ, തിരുനക്കര, ആലുവ മഹാദേവർ എന്നിവിടങ്ങളിൽ നിലവിലുള്ള സെക്കന്റ് ഗ്രേഡ് അക്കൗണ്ടന്റ് തസ്തികകൾ (14 എണ്ണം) അബോളിഷ് ചെയ്ത് ബോർഡുത്തരവാകുന്നു.

പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് മാറ്റം നൽകി ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK